ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.09.2025**

## പ്രധാനവാർത്തകൾ

1) രാജ്യം സാമ്പത്തിക പുരോഗതി കൈവരിച്ചതിൽ ബാങ്കിംഗ് മേഖല നിർണ്ണായക പങ്ക് വഹിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു.
2) സ്ത്രീ ശാക്തീകരണം രാജ്യ വികസനത്തിലെ സുപ്രധാനഘടകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
3) തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപ്പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും.
4) ഓണത്തിരക്കിൽ കേരളം. സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് നാളെ തിരുവനന്തപുരത്ത് തുടക്കമാവും.
5) ഓണക്കാലത്തെ വാഹനാപകടങ്ങൾ തടയാൻ ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കണമെന്ന് പൊലീസ്. ഓണ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും

6) കേരള ക്രിക്കറ്റ് ലീഗിൽ കാലിക്കട്ടിനെതിരെ കൊച്ചി ബ്ലൂ ടൈഗേഴ്സിന് മൂന്ന് വിക്കറ്റ് ജയം.

****************

<u>പ്രസിഡൻറ്</u>

ആഗോളതലത്തിൽ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ചെന്നൈയിൽ സിറ്റി യൂണിയൻ ബാങ്കിൻറെ 120-ാം വാർഷികാഘോഷ ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. രാജ്യം സാമ്പത്തിക പുരോഗതി കൈവരിച്ചതിൽ ബാങ്കിംഗ് മേഖല നിർണ്ണായക പങ്ക് വഹിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു. പൗര കേന്ദ്രീകൃത പദ്ധതികൾ ആവിഷ്കരിച്ചതിൽ കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമനെ രാഷ്ട്രപതി ചടങ്ങിൽ അഭിനന്ദിച്ചു.

****************

<u>പ്രധാനമന്ത്രി ജീവിക</u>

സ്ത്രീ ശാക്തീകരണം രാജ്യ വികസനത്തിലെ സുപ്രധാനഘടകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബിഹാർ ജീവികാ നിധി സഹകാരി സംഘിൻറെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്കായി 105 കോടി രൂപയും പ്രധാനമന്ത്രി കൈമാറി. കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്ന പദ്ധതിയിലൂടെ ഗ്രാമീണ വനിതകളെ സംരംഭകരാക്കി മാറ്റുകയാണ് ലക്ഷ്യമിടുന്നത്. വനിതകളുടെ വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. തൻറെ അമ്മയെക്കുറിച്ച് അനുചിതമായ പരാമർശം നടത്തിയതിൽ പ്രതിപക്ഷ പാർട്ടികൾക്കെതിരെ അദ്ദേഹം വിമർശനമുയർത്തി.

****************

## വോട്ടർപട്ടിക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൻറെ അന്തിമ വോട്ടർപ്പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും. 29 ലക്ഷത്തി 81,310 പേരാണ് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിച്ചിട്ടുള്ളത്. ഇതിൽ 5,595 പേർ പ്രവാസികളാണ്. തിരുത്തലിന് 13,859 അപേക്ഷയും വാർഡ് മാറ്റാൻ 1 ലക്ഷത്തി 80,793 അപേക്ഷയും ലഭിച്ചു. പേര് ഒഴിവാക്കാൻ 3,806 പേരാണ് അപേക്ഷ നൽകിയത്. 28,731 പേരെ നീക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വമേധയാ നോട്ടീസ് നൽകി.

****************

## ഓണം വാരാഘോഷം (INTRO)

സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചലച്ചിത്ര താരങ്ങളായ ബേസിൽ ജോസഫും ജയം രവിയും മുഖ്യാതിഥികളാകും. സെൻട്രൽ സ്റ്റേഡിയം, മ്യൂസിയം ഉൾപ്പെടെ 33 വേദികളിലായി ഈ മാസം ഒൻപത് വരെ വിവിധ കലാപരിപാടികളാണ് വാരാഘോഷത്തോട് അനുബന്ധിച്ച് അരങ്ങേറുക. ഘോഷയാത്ര ഉൾപ്പെടെ എല്ലാ പരിപാടികളുടെയും ക്രമീകരണങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് പോകുകയാണെന്ന് മന്ത്രിമാരായ പി എ മുഹമ്മദ് റിയാസും, വി ശിവൻകുട്ടിയും തിരുവനന്തപുരത്ത് നടന്ന വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയിസ്)

വാരാഘോഷത്തിൻറെ ഭാഗമായി നഗരത്തിലുടനീളം ദീപാലങ്കാരമുണ്ടായിരിക്കും. സെപ്റ്റംബർ ഒമ്പതിന്

വൈകിട്ട് ഘോഷയാത്രയോടെ ഓണം വാരാഘോഷത്തിന് സമാപനമാകും. 150ൽ പരം ഫ്ലോട്ടുകൾ ഘോഷയാത്രയിൽ അണിനിരക്കും.

****************

## വിളംബരഘോഷയാത്ര

ഓണം വാരാഘോഷം വിളംബരജാഥയ്ക്ക് തലസ്ഥാന നഗരിയിൽ വൻ വരവേൽപ്പ്. രാവിലെ 9.30ന് കനകക്കുന്ന് പാലസിന് മുന്നിൽ നിന്ന് ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പുറപ്പെട്ട വിളംബരജാഥ വി.കെ പ്രശാന്ത് എം.എൽ.എ ഫ്ലാഗ് ഓഫ് ചെയ്തു.

****************

## നിയമസഭാ ദീപാലങ്കാരം

ഓണം-ടൂറിസം വാരാഘോഷത്തിൻറെ ഭാഗമായി നിയമസഭാ മന്ദിരവും പരിസരവും നാളെ മുതൽ വൈദ്യുത ദീപാലംകൃതമാക്കുന്നു. ഈ മാസം 9 വരെ വൈകുന്നേരം 6.30 മുതൽ രാത്രി 10 വരെ പൊതുജനങ്ങൾക്ക് നിയമസഭാ മന്ദിര പരിസരത്ത് പ്രവേശനത്തിന് അനുമതി നൽകിയിട്ടുണ്ട്.

****************

## റേഷൻ വിതരണം

സംസ്ഥാനത്ത് ഒന്നാം ഓണ ദിവസമായ വ്യാഴാഴ്ച റേഷൻ കടകൾ തുറന്നു പ്രവർത്തിക്കും. അന്ത്യോദയ അന്ന യോജന കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമുള്ള ഓണക്കിറ്റ് വിതരണം ഈ മാസവുമുണ്ടാകും.

****************

## ഓണം-ട്രാൻസ്പോർട്ട് (ഇൻട്രോ)

ഓണത്തിനു കേരളത്തിലേക്ക് എത്തുന്നവർക്കു വേണ്ടി പ്രത്യേക ബസ് സർവ്വീസുകൾ ഒരുക്കി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപറേഷനുകൾ

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ലേഖകൻ സ്മിതി എം പള്ളുരുത്തി.
(ഹോൾഡ്)

****************

<u>ഗതാഗത നിയമം</u>

ഓണാഘോഷകാലത്ത് സംസ്ഥാനത്ത് വാഹനാപകടകങ്ങൾ വർധിക്കാൻ സാധ്യതയുള്ളതിനാൽ ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കണമെന്ന് സംസ്ഥാന പൊലീസ്. അമിതവേഗം, അശ്രദ്ധമായ ഓവർടെയ്ക്കിങ് എന്നിവ ഒഴിവാക്കണമെന്നും ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച് വാഹനം ഓടിക്കരുതെന്നും നിർദേശമുണ്ട്. ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കണം. ലെയിൻ ട്രാഫിക് നിയമം പാലിക്കണമെന്നും, നിഷ്കർഷിച്ചിരിക്കുന്ന സ്ഥലങ്ങളിൽ മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യണമെന്നും പൊലീസ് നിർദേശിച്ചു.

****************

<u>ഇടുക്കി (ഇൻട്രോ)</u>

ഓണക്കോടിയും ഊഞ്ഞാലും പൂക്കളവുമൊക്കെ ഉണ്ടെങ്കിലും ഓണസദ്യ കൂടിയെത്തുമ്പോഴെ മലയാളിയുടെ ഓണാഘോഷം പൂർണ്ണമാകൂ. ഓണസദ്യയിൽ ഒഴിച്ചു കൂടാനാവാത്ത വിഭവമാണ് പപ്പടം. പപ്പടത്തിന് ആവശ്യക്കാരേറുന്നതും ഓണക്കാലത്താണ്. കേൾക്കാം ഇനിയൊരൽപ്പം പപ്പട വിശേഷം.

ഇടുക്കിയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.
(ഹോൾഡ് വോയ്സ്.......)

****************

**<u>ഓണം - ശബരിമല</u>**

ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിനു തുറക്കും. നട തുറക്കുന്ന ദിവസമായ നാളെ പ്രത്യേക പൂജകൾ ഉണ്ടാകില്ല. ഉത്രാടം, തിരുവോണം, അവിട്ടം ദിനങ്ങളിൽ സന്നിധാനത്ത് ഓണസദ്യ ഉണ്ടായിരിക്കും. പൂജകൾ പൂർത്തിയാക്കി ചതയം നാൾ വൈകുന്നേരം 9 മണിക്കാണ് നട അടയ്ക്കുക.

****************

**<u>ആഗോള അയ്യപ്പ സംഗമം</u>**

ആഗോള അയ്യപ്പ സംഗമത്തിന്റെ സ്വാഗതസംഘം ഓഫീസ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു. ദേവസ്വം ബോർഡ് പ്രസിഡൻറ് അഡ്വ. പി .എസ് പ്രശാന്ത് ഉദ്ഘാടനം ചെയ്തു. ഈ മാസം 20 ന് പമ്പയിലാണ് ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കുന്നത്. വെർച്വൽ ക്യൂ വെബ്സൈറ്റ് വഴി ആഗോള അയ്യപ്പ സംഗമത്തിൽ ഭക്തർക്ക് രജിസ്റ്റർ ചെയ്യാം.

****************

**<u>ആറൻമുള</u>**

ആറൻമുള ഉതൃട്ടാതി വള്ളംകളി നടക്കുന്ന ഈ മാസം ഒമ്പതിന് ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി അനുവദിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ . പൊതു പരീക്ഷകൾ മുൻ നിശ്ചയ പ്രകാരം നടക്കും.

****************

## വയോജന കമ്മീഷൻ

സംസ്ഥാന വയോജന കമ്മീഷൻ നാളെ ചുമതലയേൽക്കും. മുൻ രാജ്യസഭാംഗം കെ സോമപ്രസാദ് ചെയർപേഴ്സണായ അഞ്ചംഗ കമ്മീഷനാണ് സ്ഥാനമേൽക്കുന്നത്. വയോജന ക്ഷേമത്തിനായി രാജ്യത്ത് ഇതാദ്യമായാണ് വയോജന കമ്മീഷൻ രൂപീകരിക്കപ്പെടുന്നത്.

****************

## അഗ്നിവീർ റിക്രൂട്ട്മെന്റ്

തിരുവനന്തപുരത്തെ ആർമി റിക്രൂട്ടിംഗ് ഓഫീസ് സംഘടിപ്പിക്കുന്ന അഗ്നിവീർ റിക്രൂട്ട്മെൻറ് റാലി ഈ മാസം 10 മുതൽ 16 വരെ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടക്കും. കേരളം, കർണാടക സംസ്ഥാനങ്ങളിൽ നിന്നുമുള്ളവർക്കായി ജൂൺ 30 മുതൽ ജൂലൈ 10 വരെ നടത്തിയ ഓൺലൈൻ പൊതു പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ പുരുഷ അപേക്ഷകരാണ് റാലിയിൽ പങ്കെടുക്കുന്നത്.

****************

## കണ്ണൂർ - സ്വകാര്യ ബസ്സ്

കണ്ണൂർ -തലശേരി റൂട്ടിലെ സ്വകാര്യ ബസ്സുകൾ കഴിഞ്ഞ ഒരാഴ്ചയായി നടത്തിവന്ന സമരം പിൻവലിച്ചു .

കണ്ണൂർ എ.ഡി.എമ്മിൻറെ അധ്യക്ഷതയിൽ

ചേർന്ന ചർച്ചയിലാണ് തീരുമാനം. ദേശീയപാതയിലേക്കുള്ള അടച്ചിട്ട വഴി താൽക്കാലികമായി തുറക്കാനും ഈ മാസം 11ന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടക്കുന്ന യോഗം വരെ സമരം നിർത്തിവയ്ക്കാനും തീരുമാനിക്കുകയായിരുന്നു. .

****************

**<u>കെസിഎൽ</u>**

കേരള ക്രിക്കറ്റ് ലീഗിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെതിരെ , കൊച്ചി ബ്ലൂ ടൈഗേഴ്സ്റ്റിന് മൂന്ന് വിക്കറ്റ് ജയം. ആദ്യം ബാറ്റ് ചെയ്ത കാലിക്കട്ട് നിശ്ചിത ഓവറിൽ 7 വിക്കറ്റു നഷ്ടത്തിൽ 165 റൺസ് നേടി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കൊച്ചി 19.3 ഓവറിൽ ലക്ഷ്യം മറികടന്നു. തൃശൂർ ടൈറ്റൻസും ട്രിവാൻഡ്രം റോയൽസും തമ്മിലുള്ള രണ്ടാം മത്സരം അല്പസമയത്തിനകം ആരംഭിക്കും.

****************

**<u>മഴ</u>**

സംസ്ഥാനത്ത് നാളെ മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മറ്റന്നാൾ മഞ്ഞ ജാഗ്രതയാണ്. കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നു മുതൽ മറ്റന്നാൾ വരെയും, കേരള തീരത്ത് നാളെയും മറ്റന്നാളും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

****************

*********

******